# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2020 മാർച്ച് 02, തിങ്കൾ

പതിനാലാം കേരള നിയമസഭയുടെ പത്തൊമ്പതാം സമ്മേളനം 2020 മാർച്ച് 02-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I ചരമോപചാരം

പി. ശങ്കരന്റെ നിര്യാണം

കേരളത്തിലെ മുൻ മന്ത്രിയും മുൻ കോൺഗ്രസ്സ് നേതാവും യു.ഡി.എഫ്. കോഴിക്കോട് ജില്ലാ ചെയർമാനും അഡ്വക്കേറ്റുമായിരുന്ന പി. ശങ്കരന്റെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ കെ. ദാസൻ, മാത്യു ടി. തോമസ്, എം. വിൻസെന്റ് എന്നിവരെ പതിനാലാം കേരള നിയമസഭയുടെ പത്തൊമ്പതാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## III അടിയന്തരപ്രമേയം

പോലീസ് ആസ്ഥാനത്തെ അഴിമതി

മി. സ്പീക്കർ: പോലീസ് ആസ്ഥാനത്ത് നടക്കുന്ന അഴിമതിയും ഇതുസംബന്ധിച്ച് സി.&എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങളും ഇത് മൂടിവയ്ക്കാൻ ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങളുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഭരണഘടനയും നിയമസഭാ ചട്ടങ്ങളും അനുശാസിക്കുന്ന കാര്യങ്ങൾ മറച്ചുവച്ചുകൊണ്ടുള്ള പ്രസ്താവനയാണ് അടിയന്തരപ്രമേയ നോട്ടീസിൽ ഉന്നയിച്ചിരിക്കുന്നത്. ഭരണഘടനയുടെ അനുച്ഛേദപ്രകാരം നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്ന സി.&എ.ജി. റിപ്പോർട്ട്

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയും തെളിവെടുപ്പ് നടത്തുകയും ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടപ്രകാരം മേശപ്പുറത്ത് വയ്ക്കുകയും ചെയ്യുന്ന സുതാര്യമായ പ്രക്രിയ നിയമസഭയിലുള്ള സാഹചര്യത്തിൽ സർക്കാർ അന്വേഷണം നടത്തുന്നില്ലെന്നത് വെറും ആരോപണം മാത്രമാണ്. സി.&എ.ജി. റിപ്പോർട്ടിലെ പോലീസ് സേനകളുടെ നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് 2013 മുതൽ 2018 വരെയുള്ള കാലയളവിലെ പരാമർശങ്ങളെക്കുറിച്ചാണ് പ്രമേയത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. ശബരിമലയിൽ സുരക്ഷ ഉറപ്പാക്കുന്നതിന് പോലീസ് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കണമെന്ന ഹൈക്കോടതി നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് 30 തരം ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകുകയും പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന സർക്കാർ നയത്തിന്റെ ഭാഗമായി അവ സ്ഥാപിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തുകയും ചെയ്തത്. കേരള പോലീസിന് രണ്ട് ബുള്ളറ്റ് റെസിസ്റ്റൻസ് വാഹനങ്ങൾ വാങ്ങുന്നതിന് 2017-ൽ സർക്കാർ ഭരണാനുമതി നൽകുകയും ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ക്വട്ടേഷനുകൾ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത മെസ്സേഴ്സ് ഹിന്ദുസ്ഥാൻ മോട്ടോഴ്സ് ഫൈനാൻസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്ന് വാഹനം വാങ്ങാൻ തീരുമാനിക്കുകയും ചെയ്തു. അതീവ സുരക്ഷാ ക്രമീകരണങ്ങളോടെ ഓപ്പറേഷണൽ

ഉദ്യമങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ട വാഹനമായതിനാൽ ഓപ്പൺ ടെൻഡർ ഒഴിവാക്കി സ്റ്റോർ പർച്ചേസ് റൂൾ പ്രകാരം ലിമിറ്റഡ് ടെണ്ടർ സിസ്റ്റം നടപ്പാക്കാൻ തീരുമാനിക്കുകയും ആയതിന് സംസ്ഥാന പോലീസ് മേധാവി സപ്ലൈ ഓർഡർ നൽകിയ നടപടി സർക്കാർ ഉത്തരവിലൂടെ സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്. ജി.പി.എസ്. കമ്മ്യൂണിക്കേഷൻ സിസ്റ്റം ഘടിപ്പിച്ച വാഹനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട്, കേരള പോലീസിന്റെ കൺട്രോൾ റൂം വാഹനങ്ങളിൽ മൊബൈൽ ഡാറ്റാ ടെർമിനൽ സ്ഥാപിക്കുന്നതിന്റെ ഭാഗമായി സി-ഡാക്-മായി ചർച്ച നടത്തുകയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ അവ നടപ്പാക്കാൻ തീരുമാനിക്കുകയും വിവിധ സംസ്ഥാനങ്ങളിലെ പോലീസ് സേനയിൽ പാനസോണിക് ടാബ്ലറ്റാണ് ഉപയോഗിച്ചുവരുന്നതെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉൽപ്പന്നം വാങ്ങാൻ തീരുമാനിക്കുകയും ചെയ്തു. ടി പദ്ധതിക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ സർക്കാരിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായ കെൽട്രോണിനെ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തുകയും ആയതിന്റെ പരിപാലനം അവർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെയുള്ള ഉയർന്ന പോലീസുദ്യോഗസ്ഥർക്ക് തലസ്ഥാനത്ത് താമസസൗകര്യമില്ലാത്ത സാഹചര്യം പരിഗണിച്ചും അവരുടെ സേവനം 24 മണിക്കൂറും ഉറപ്പാക്കുന്നതിനും

വേണ്ടിയാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുകയ്ക്കുപുറമെ 2018-19-ൽ പോലീസ് നവീകരണത്തിനായി ലഭിച്ച സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതംകൂടി ക്വാർട്ടേഴ്സ് നിർമ്മാണത്തിന് ഉപയോഗിച്ചത്.

<u>ശ്രീ. പി. ടി. തോമസ്</u>: സെൻട്രൽ വിജിലൻസ് കമ്മീഷന്റെയും സ്റ്റോർ പർച്ചേസ് മാന്വലിന്റെയും മാനദണ്ഡങ്ങൾ ലംഘിച്ചാണ് പോലീസ് മേധാവിയുടെ നേതൃത്വത്തിൽ കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തിയിരിക്കുന്നത്. സംസ്ഥാന പോലീസ് മേധാവിയും കെൽട്രോണും ചേർന്നുള്ള അവിശുദ്ധ കൂട്ടുകെട്ടിന്റെ ഫലമായിട്ടാണ് ഇത്തരം അഴിമതികൾ അരങ്ങേറിയിരിക്കുന്നത്. പോലീസ് നവീകരണവുമായി ബന്ധപ്പെട്ട് 151 കോടി രൂപയുടെയും ഗ്യാലക്സോൺ കമ്പനിയുമായി ബന്ധപ്പെട്ട് 150 കോടി രൂപയുടെയും അഴിമതിയാണ് നടന്നിട്ടുള്ളത്. കെൽട്രോണിനെ മറയാക്കി മൂലധന നിക്ഷേപമില്ലാത്ത ഗാലക്സോൺ കമ്പനിയെ പദ്ധതി ഏൽപ്പിച്ചതിന്റെ കാരണം വ്യക്തമാക്കണം. സംസ്ഥാന പോലീസ് മേധാവി അടക്കമുള്ളവർ പങ്കാളികളായ ഈ അഴിമതി സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്തണം. ഒരു ഭരണഘടനാ സ്ഥാപനത്തിന്റെ മേധാവിയെക്കുറിച്ച് അന്വേഷണം നടത്താൻ ആഭ്യന്തരവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയ നടപടി ശരിയല്ല. ഭരണാനുമതിയില്ലാതെയുള്ള വാങ്ങലുകൾ, ക്രമവിരുദ്ധമായ ചെലവഴിക്കൽ,

സ്റ്റോർ പർച്ചേസ് മാന്വൽ ലംഘനം തുടങ്ങിയവ സംബന്ധിച്ച് സമഗ്ര അന്വേഷണം ആവശ്യമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സി.&എ.ജി. റിപ്പോർട്ട് കാണിച്ച് പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാകുന്ന ഘട്ടത്തിൽ കുറ്റക്കാരെ രക്ഷിക്കുന്ന സമീപനം സ്വീകരിക്കുമെന്ന പ്രതിപക്ഷാരോപണം അടിസ്ഥാനരഹിതമാണ്. റിപ്പോർട്ടിന്മേൽ സർക്കാർ ഉചിതമായ നിലപാട് സ്വീകരിക്കുന്നതാണ്. മറ്റ് വകുപ്പുകളിൽ നിന്നും വ്യത്യസ്തമായ രീതിയിലാണ് പോലീസ് വകുപ്പിൽ ഉപകരണങ്ങൾ വാങ്ങുന്നത്. ഇതുസംബന്ധിച്ച് ആക്ഷേപം ഉയർന്നുവന്ന സാഹചര്യത്തിൽ ഇതിനായി പ്രത്യേക മാനദണ്ഡങ്ങളും ചട്ടങ്ങളും രൂപീകരിക്കുന്ന കാര്യം മന്ത്രിസഭായോഗത്തിൽ പരിശോധിച്ച് തീരുമാനം അറിയിക്കുന്നതാണ്. പോലീസ് വകുപ്പിനോ സർക്കാരിനോ യാതൊരു ചെലവോ ബാദ്ധ്യതയോ ഇല്ലാതെ സുതാര്യമായ രീതിയിൽ കെൽട്രോണും പോലീസ് വകുപ്പുമായുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ് CIMS (Central Intrusion Monitoring System) പദ്ധതി ആരംഭിച്ചിട്ടുള്ളത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടപ്പിലാക്കാൻ സാധിക്കാതിരുന്ന പദ്ധതി പുനർനാമകരണം ചെയ്ത് യാഥാർത്ഥ്യമാക്കുന്ന ഘട്ടത്തിൽ കെൽട്രോണിന്റെ ഭാഗത്ത്

വീഴ്ചയുണ്ടായിട്ടുണ്ടോയെന്നത് സംബന്ധിച്ച് വ്യവസായ വകുപ്പ് പരിശോധിക്കുന്നതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്തേണ്ട സാഹചര്യം നിലവിലില്ല. സംസ്ഥാന പോലീസ് സേനയിലെ ഉത്തരവാദപ്പെട്ട ഉന്നത ഉദ്യോഗസ്ഥനെതിരെ ആക്ഷേപമുന്നയിക്കുന്ന നിലപാട് അപലപനീയമാണ്. സി.&എ.ജി. റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പോലീസ് മേധാവിയെ മാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സെക്യൂരിറ്റി ഷോപ്പ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് നൽകിയ ക്വട്ടേഷനെ സംബന്ധിച്ച് ഉന്നയിച്ച ആക്ഷേപം പരിശോധിക്കുന്നതാണ്. പ്രതിപക്ഷനേതാവ് നൽകിയ കത്തിന്മേൽ വിശദമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആഭ്യന്തര വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): അഴിമതി നടത്തുന്നവർക്ക് സംരക്ഷണം നൽകുന്ന ഗവൺമെന്റാണിത്. ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിക്ക് നിയമവിരുദ്ധമായ കാര്യങ്ങൾ നിയന്ത്രിക്കാനുള്ള ഉത്തരവാദിത്വമുണ്ട്. പോലീസ് ആസ്ഥാനത്ത് നടക്കുന്ന അഴിമതിയും സ്വജനപക്ഷപാതവും ഫണ്ട് വകമാറ്റി ചെലവഴിക്കലും സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്തണം.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സ്പീക്കറുടെ ഡയസിന് സമീപംവന്നുനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### പ്രൊമോഷൻ തസ്തികകളിലെ സംവരണം

ശ്രീ. പുരുഷൻ കടലുണ്ടി: പട്ടികജാതി പട്ടികവർഗ്ഗ ഗോത്രവർഗ്ഗത്തിൽപ്പെട്ടവർക്ക് സർക്കാർ സർവ്വീസിലിരിക്കെ പ്രൊമോഷൻ തസ്തികകളിൽ സംവരണം നൽകേണ്ടതില്ലെന്ന സുപ്രീംകോടതി വിധിമൂലം ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിനും സംവരണ സംരക്ഷണ വ്യവസ്ഥ ഉൾപ്പെടുത്തി ഭരണഘടനാ ഭേദഗതിക്ക് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഭരണഘടനയുടെ അനുച്ഛേദം 16(4) പ്രകാരമാണ് പട്ടികജാതി പട്ടികവർഗ്ഗ ഗോത്രവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗക്കാർക്കും നിയമനങ്ങളിൽ സംവരണം അനുവദിച്ചുവരുന്നത്. സംവരണം ഏർപ്പെടുത്താൻ സംസ്ഥാന സർക്കാർ നിർബന്ധിതരല്ലെന്നും സംവരണം ആവശ്യപ്പെടാൻ പൗരൻമാർക്ക്

മൗലികാവകാശമില്ലെന്നും സംവരണം ഏർപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാരിനോട് കോടതിക്ക് നിർദ്ദേശിക്കാനാവില്ലെന്നുമുള്ള 7-2-2020-ലെ സുപ്രീം കോടതി ഉത്തരവ് ആശങ്കയുണ്ടാക്കുന്നതാണ്. പട്ടികജാതി പട്ടികഗോത്ര വർഗ്ഗക്കാർക്ക് ഭരണഘടന അനുശാസിക്കുന്ന വിധത്തിലുള്ള സംവരണം സംസ്ഥാന സർക്കാർ നിയമനങ്ങളിൽ ഏർപ്പെടുത്തുന്നതിനാവശ്യമായ ചട്ടങ്ങൾ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവരുടെ പ്രാതിനിധ്യക്കുറവ് പ്രത്യേകം അവലോകനം ചെയ്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നികത്തിവരുന്നതിനാൽ ഇതുസംബന്ധിച്ച് ആശങ്കയ്ക്ക് ഇടയില്ല.

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

(സബ്മിഷനുകളുടെ മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവച്ചു.)

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ XIV വരെയുള്ള

സബ്ജക്ട് കമ്മിറ്റികളുടെ അഞ്ചാമത് റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VII ധനകാര്യം

### 2019-2020 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

2019-2020 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ

ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള

ഉപധനാഭ്യർത്ഥനയും വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ചകൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാവിലെ 11.30-ന് പിരിഞ്ഞു.

******